ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

ചേലക്കര മണ്ഡലത്തിലെ അങ്കണവാടികൾ

196 (5549) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി ഭൂമിയും, കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ചേലക്കര നിയമസഭാ മണ്ഡലത്തിൽ എത്ര അംഗൻവാടികൾ ഉണ്ടെന്നും, അതിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) മണ്ഡലത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി സ്ഥലവും, കെട്ടിടവും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിക്കുന്നുണ്ട്. അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾക്ക് ഇവ ലഭ്യമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭൂമി, പുറമ്പോക്ക്, പഞ്ചായത്ത് ഭൂമി എന്നിവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

2. അങ്കണവാടിക്ക് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

3. സൗകര്യപ്രദമായ സ്കൂൾ കോമ്പൗണ്ടുകളിൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

4. അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി ഭൂമി വിട്ട് നൽകുന്നവരുടെ ആശ്രിതർക്ക് അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികയിൽ നിയമനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായാൽ NABARD-RIDF പദ്ധതി, മാതൃകാ അങ്കണവാടി പദ്ധതി, പ്ലാൻ ഫണ്ട് എന്നീ പദ്ധതികൾ മുഖേന അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചേലക്കര നിയോജക മണ്ഡലത്തിൽ ആകെ 239 അങ്കണവാടികൾ ഉണ്ട്. ആയതിൽ 216 അങ്കണവാടികൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ട്.

(സി) സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഡബ്ലൂ.ബി.എൻ.പി. പ്രകാരമുള്ള അലോട്ട്മെന്റ്

197 (5550) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ലൂ ബി എൻ പി (Wheat Based Nutrition Programme) പ്രകാരം സംസ്ഥാനത്തിന് 2014-15 വർഷത്തിൽ എത്ര ടൺ അരി, ഗോതമ്പ് എന്നിവ അലോട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപറഞ്ഞ പ്രകാരം ലഭിച്ച ധാന്യങ്ങളിൽ എത്ര ടൺ വീതം അരിയും ഗോതമ്പും എഫ് .സി. ഐ. യിൽ നിന്നും എടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇത് പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യം ഏത് രീതിയിലാണ് സംസ്ഥാനത്ത് വിനിയോഗിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വീറ്റ് ബെയ്സ്ഡ് ന്യൂട്രീഷൻ പദ്ധതിപ്രകാരം 2014-15 വർഷത്തിൽ 6580-MTS അരിയും 8016 MTS ഗോതമ്പും കേന്ദ്രസർക്കാർ അലോട്ട് ചെയ്തിട്ടുണ്ട്.

(ബി) വീറ്റ് ബെയ്സ്ഡ് ന്യൂട്രീഷൻ പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ 4621.890 MTS അരിയും 8016-MTS ഗോതമ്പും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ഗോഡൗണുകളിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly